ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എ.ഡി.ബി/ജനറൽ/34427/ഹ.സെ.വി./2014** **തീയതി : 10/09/2014**

# <u>സർക്കുലർ</u>

വിഷയം: ഹയർ സെക്കണ്ടറി വിദ്യാഭ്യാസം -- സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ക്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സർവ്വീസ് ക്രമീകരണം-- സംബന്ധിച്ച്

സൂചന: (1) 17/07/2014-ലെ സ.ഉ. (കൈ) നം.132/2014/പൊ.വി.വ.
(2) 02/01/2010-ലെ സ.ഉ. (എം.എസ്) നം.02/2010/പൊ.വി.വ.

സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉണ്ടായിരുന്നതും സർക്കാർ ഏറ്റെടുത്തതുമായ ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ഗ്രേഡ്, ട്രാൻസ്ഫർ തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സൂചന (1) പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായി. ഇതുപ്രകാരം ഒരു ജില്ലയ്ക്കുള്ളിൽ സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത്/മുൻസിപ്പൽ സ്ക്കൂളുകൾ ഒരു കോമൺപൂളായി നിലനിർത്തുകയും പി.എസ്.സി മുഖേനയല്ലാതെ പഞ്ചായത്ത്/മുൻസിപ്പൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കി ഈ കോമൺപൂളിനായി ഒരു പ്രത്യേക സീനിയോറിറ്റി തയ്യാറാക്കുകയും പ്രസ്തുത കോമൺപൂളിനുള്ളിൽ ഉണ്ടാകുന്ന ഒഴിവുകൾ ടി സീനിയോറിറ്റി പ്രകാരം പ്രൊമോഷൻ മുഖേന നികത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

കെ.പി.എസ്.സി മുഖേനയല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നിയമിച്ചിരുന്ന ജീവനക്കാർക്ക് അവർ കോമൺപൂളിന് പുറത്ത് സർക്കാർ സർവ്വീസിൽ പരിഗണിക്കപ്പെടാൻ ഓപ്ഷൻ നൽകുന്ന പക്ഷം അവരുടെ സർക്കാർ സർവ്വീസിലെ നിയമനം 02/01/2010 മുതൽക്കുമാത്രം സീനിയോറിറ്റി കണക്കാക്കും എന്ന ഉപാധിയിൻമേൽ അവരെ കോമൺപൂളിന് പുറത്തുള്ള സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. നിശ്ചയ തീയതിയ്ക്കകം ഓപ്ഷനുകൾ നൽകാത്തവരെ കോമൺപൂളിൽ ഉൾപ്പെടുത്തുന്നതാണ്.

ഈ സാഹചര്യത്തിൽ സൂചന (2) പ്രകാരം സർക്കാർ എറ്റെടുത്ത 11 പഞ്ചായത്ത് / മുനിസിപ്പൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ജോലിചെയ്യുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നിയമിച്ചിരിക്കുന്ന ജീവനക്കാർക്കും കോമൺപൂളിലോ സർക്കാർ

സർവ്വീസിലോ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം ചേർത്തിരിക്കുന്ന പ്രഫോർമയും ആവശ്യമെങ്കിൽ സമ്മതപത്രവും **27/09/2014** –ൽ **5.00** മണിയ്ക്ക് മുമ്പായി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. ടി തീയതി കഴിഞ്ഞ് നൽകുന്ന സമ്മതപത്രം യാതൊരു കാരണവശാലും പരിഗണിക്കുകയില്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

# <u>പ്രഫോർമ</u>

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | |
| സ്കൂൾ കോഡ് | : | |
| ജില്ല | : | |
| അദ്ധ്യാപകന്റെ പേര് | : | |
| തസ്തിക | : | HSST (Jr) / HSST |
| വിഷയം | : | |
| ഹയർ സെക്കന്ററി വിഭാഗത്തിലേക്കുള്ള നിയമന രീതി നിയമനം | : | നേരിട്ടുള്ള നിയമനം/ബൈ ട്രാൻസ്ഫർ |
| ബൈ ട്രാൻസ്ഫർ നിയമനമാണെങ്കിൽ ഫീഡർ കാറ്റഗറി | : | HSST (Jr) / HSA/UPSA/LPSA |
| ഫീഡർ കാറ്റഗറിയിൽ PSC വഴിയാണെങ്കിൽ അഡ്വൈസ് നമ്പരും തീയതിയും നിയമന ഉത്തരവും തീയതിയും (പകർപ്പുകൾ ഹാജരാക്കുക) | : | |
| HSST/HSST (Jr) നിയമനം അംഗീകരിച്ച ഉത്തരവും തീയതിയും (പകർപ്പുകൾ ഹാജരാക്കുക) | : | |
| കോമൺപൂളിൽ തുടരുവാൻ ആഗ്രഹിക്കുന്നുവോ | : | അതെ/ഇല്ല |
| 02/01/2010 തീയതി മുതൽ സർക്കാർ സർവ്വീസിലേക്ക് പരിഗണിക്കുവാൻ ഓപ്ഷൻ നൽകാൻ തയ്യാറാണോ? | : | അതെ/ഇല്ല |

മേൽ നൽകിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്                ഒപ്പ്

പേര്                പേര്

ഓഫീസ് സീൽ                തസ്തിക

# <u>സമ്മതപത്രം</u>

.................................................................................. ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് ................................. പഞ്ചായത്ത്/ മുനിസിപ്പൽ സെക്രട്ടറി നേരിട്ട് ......................... വിഷയത്തിൽ HSST/HSST (Jr) ആയി ................... തീയതിയിൽ നിയമനാംഗീകാരം ലഭിച്ച ഞാൻ കോമൻപൂളിന് പുറത്ത് 17/07/2014-ലെ സ.ഉ. (കൈ) നം.132/2014 പ്രകാരം 02/01/2010 തീയതി മുതൽക്ക് മാത്രം സീനിയോറിറ്റി കണക്കാക്കി സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തുവാൻ തയ്യാറാണെന്ന് ഇതിനാൽ രേഖാമൂലം സമ്മതം അറിയിച്ചുകൊള്ളുന്നു.

ഒപ്പ്
പേര്
തസ്തിക